പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2046

19.06.2012-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം

**ഉത്തരം**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് കൺസ്യൂമർ ഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുകയുണ്ടായിയെന്നും ഏതെല്ലാം സീസണുകളിലാണ് വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചത് എന്നും വ്യക്തമാക്കുമോ;

(എ) നിലവിലുണ്ടായിരുന്ന 174 ത്രിവേണി യൂണിറ്റുകൾ കൂടാതെ 35 ത്രിവേണി സ്റ്റോറുകളും 7 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും 5 ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും കൂടെ ആരംഭിച്ച് ത്രിവേണി ശൃംഖല വിപുലീകരിച്ച് എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണികൾ തുടങ്ങുന്നതിനും ഒഴുകുന്ന ത്രിവേണികളുടെ എണ്ണം 10 ആയി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ 1329 നന്മ സ്റ്റോറുകളിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ കമ്പോള വിലയെക്കാൾ ശരാശരി 20% വില കുറവിലും കൂടാതെ 350 ഓളം മറ്റ് ഇനം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2011-ൽ റംസാൻ/ഓണം, ബക്രീദ്, ക്രിസ്തുമസ്, 2012-ൽ വിഷു/ഈസ്റ്റർ എന്നീ സീസണുകളിൽ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം തരത്തിലുള്ള വിപണന കേന്ദ്രങ്ങളാണ് ഈ കാലയളവിൽ പ്രവർത്തനമാരംഭിച്ചത്, വിശദമാക്കമോ ?

(ബി) 35 ത്രിവേണി സ്റ്റോറുകളും 7 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും 5 ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും ഇക്കാലയളവിൽ പുതതായി പ്രവർത്തനം ആരംഭിച്ചു.

സെക്ഷൻ ഓഫീസർ